
ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

सत्यमेव जयते

myGOV
मेरी सरकार



# എഫ് എ ക്യൂ

## കോവിഡ് 19 വാക്സിൻ




## Q. കോവിഡ് 19 വാക്സിൻ എല്ലാവർക്കും ഒരേസമയം നൽകുമോ?

**A.** അപകട സാധ്യത കണക്കിലെടുത്ത് മുൻഗണന നൽകി വാക്സിൻ നൽകേണ്ടവരുടെ ഗ്രൂപ്പ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

- ആരോഗ്യ പ്രവർത്തകരും മുന്നണി പോരാളികളും ആണ് ആദ്യ വിഭാഗം
- 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും മറ്റ് രോഗങ്ങളുള്ളവരുമാണ് രണ്ടാം വിഭാഗത്തിൽ.
- തുടർന്ന്, മറ്റുള്ളവർക്ക് ആവശ്യത്തിനനുസരിച്ച് വാക്സിൻ നൽകും




# എഫ് എ ക്യൂ

## കോവിഡ് 19 വാക്സിൻ

**Q.** **വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ കൊണ്ടുവന്ന വാക്സിൻ സുരക്ഷിതമാണോ?**

**A.** വാക്സിന്റെ സുരക്ഷിതത്വത്തിന്റെയും ഫലപ്രാപ്തിയുടെയും അടിസ്ഥാനത്തിൽ നിയന്ത്രണ ഏജൻസികൾ അംഗീകാരം നൽകിയ ശേഷമാണ് വാക്സിന് രാജ്യത്ത് അനുമതി നൽകിയത്.

**Q.** **വാക്സിൻ എടുക്കുന്നത് നിർബന്ധമാണോ?**

**A.** കോവിഡ് 19 നുള്ള വാക്സിനേഷൻ നിർബന്ധമല്ല.

എങ്കിലും കോവിഡ് 19 നെതിരായ വാക്സിൻ പൂർണതോതിൽ സ്വീകരിക്കുന്നത് ഒരാൾക്ക് രോഗം വരാതെ തടയുന്നതിനും രോഗവ്യാപനം ചെറുക്കുന്നതിനും സഹായിക്കും

सत्यमेव जयते

**ആരോഗ്യ – കുടുംബക്ഷേമ മന്ത്രാലയം**
**ഭാരത സർക്കാർ**

myGOV
मेरी सरकार



# എഫ് എ ക്യൂ

**കോവിഡ് 19 വാക്സിൻ**





## Q. കോവിഡ് മുക്തനായ ഒരാൾ വാക്സിൻ സ്വീകരിക്കേണ്ടത് അത്യാവശ്യമാണോ?

**A.** രോഗം നേരത്തെ വന്നിട്ടുണ്ടെങ്കിലും, രോഗപ്രതിരോധശക്തി മെച്ചപ്പെടുത്തുന്നതിന്, വാക്സിന്റെ പൂർണ്ണ ഷെഡ്യൂൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം.

## Q. കോവിഡ് 19 സ്ഥിരീകരിച്ചതോ സംശയിക്കുന്നതോ ആയ വ്യക്തിക്ക് വാക്സിൻ എടുക്കാമോ?

**A.** കോവിഡ് ബാധിച്ച വ്യക്തിയിൽ നിന്നും വാക്സിനേഷൻ പ്രദേശത്തുള്ള മറ്റുള്ളവരിലേക്ക് രോഗവ്യാപന സാധ്യതയുള്ളതിനാൽ, ലക്ഷണങ്ങളെല്ലാം മാറി 14 ദിവസങ്ങൾക്ക് ശേഷം മാത്രമേ പ്രസ്തുത വ്യക്തി വാക്സിൻ സ്വീകരിക്കാൻ പാടുള്ളൂ.

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ



# എഫ് എ ക്യു

## കോവിഡ് 19 വാക്സിൻ




**Q.** നിരവധി വാക്സിനുകൾ ലഭ്യമായവയിൽ നിന്നും ഒന്നോ രണ്ടോ എണ്ണം കുത്തിവെപ്പിനായി എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്?

**A.** ലൈസൻസ് നൽകുന്നതിനു മുൻപ്, വാക്സിനുകളുടെ സുരക്ഷയും ഫലപ്രാപ്തിയും സംബന്ധിച്ച ക്ലിനിക്കൽ പരീക്ഷണ വിവരങ്ങൾ ഡ്രഗ് റെഗുലേറ്റിംഗ് ഏജൻസി വിശദമായി പരിശോധിച്ചിരുന്നു. അതുകൊണ്ടുതന്നെ ലൈസൻസ് നൽകിയ എല്ലാ കോവിഡ് 19 വാക്സിനുകൾക്കും സുരക്ഷയും ഫലപ്രാപ്തിയും ഉണ്ടാകും.

എന്നാൽ വാക്സിനേഷൻ പ്രക്രിയയിലുടനീളം ഒരേതരം വാക്സിനാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തേതുണ്ട്.


ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

मेरी सरकार



# എഫ് എ ക്യൂ

## കോവിഡ് 19
## വാക്സിൻ





**Q.** **+2 മുതൽ +8 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയിൽ, കോവിഡ് വാക്സിൻ സംഭരണത്തിനും നീക്കത്തിനുമുള്ള കഴിവ് ഇന്ത്യയ്ക്കുണ്ടോ?**

**A.** 26 ദശലക്ഷത്തോളം നവജാതശിശുക്കൾക്കും, 29 ദശലക്ഷത്തോളം ഗർഭിണികൾക്കും വാക്സിൻ നൽകുന്ന ലോകത്തെ തന്നെ ഏറ്റവും വലിയ പ്രതിരോധകുത്തിവെപ്പ് സംവിധാനമാണ് ഇന്ത്യക്കുള്ളത്.

ഇന്ത്യയുടെ വിപുലവും വൈവിധ്യവുമായ ജനസമൂഹത്തിന് വാക്സിൻ ഫലപ്രദമായി നൽകുന്നതിന് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിരിക്കുന്നു.

सत्यमेव जयते
**ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ**

my GOV
मेरी सरकार



# എഫ് എ ക്യു

**കോവിഡ് 19
വാക്സിൻ**




## Q. ഇന്ത്യയിൽ പുറത്തിറക്കിയിരിക്കുന്ന വാക്സിൻ, മറ്റു രാജ്യങ്ങളിലെ വാക്സിനുകളെപ്പോലെ ഫലപ്രദമാണോ?

**A.** അതെ. മറ്റു രാജ്യങ്ങളിലെ കോവിഡ് 19 വാക്സിനെപ്പോലെ ഫലപ്രദമാണ് ഇന്ത്യയിലെ വാക്സിൻ. നിരവധി ഘട്ടങ്ങളിലൂടെ, വാക്സിന്റെ സുരക്ഷയും ഫലപ്രാപ്തിയും പരീക്ഷിച്ചിരുന്നു.

## Q. വാക്സിനേഷന് അർഹതയുണ്ടെങ്കിൽ എനിക്ക് എങ്ങനെ അറിയാം?

**A.** അർഹതയുള്ള ഗുണഭോക്താക്കളെ അവരുടെ രജിസ്ട്രേഡ് മൊബൈൽ നമ്പർ വഴി, വാക്സിനേഷനുള്ള സമയവും ആരോഗ്യകേന്ദ്രവും അറിയിക്കും.

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

मेरी सरकार



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ




കോവിഡ് 19
വാക്സിൻ

## Q. യോഗ്യനായ ഗുണഭോക്താവിന്റെ രജിസ്ട്രേഷൻ സമയത്ത് ഏതൊക്കെ രേഖകൾ ആണ് ആവശ്യം?

**A.** രജിസ്ട്രേഷൻ സമയത്ത് താഴെപ്പറയുന്ന ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖകളിൽ ഏതും സമർപ്പിക്കാവുന്നതാണ്:

- ആധാർ /ഡ്രൈവിംഗ് ലൈസൻസ്/ വോട്ടേഴ്സ് ഐഡി/ പാൻകാർഡ്/ പാസ്പോർട്ട്/തൊഴിൽ കാർഡ്/ പെൻഷൻ രേഖകൾ
- തൊഴിൽ മന്ത്രാലയത്തിന്റെ പദ്ധതിക്ക് കീഴിൽ വിതരണം ചെയ്ത ആരോഗ്യ ഇൻഷുറൻസ് സ്മാർട്ട് കാർഡുകൾ
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA)
- എംപി/എംഎൽഎ/എംഎൽസിമാർക്ക് വിതരണം ചെയ്ത ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ
- ബാങ്കുകൾ/ തപാൽ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും വിതരണം ചെയ്ത പാസ് ബുക്കുകൾ
- കേന്ദ്ര/സംസ്ഥാന ഗവൺമെന്റ്/ പൊതുമേഖലാ കമ്പനികളുടെ തിരിച്ചറിയൽ കാർഡുകൾ

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ

**കോവിഡ് 19 വാക്സിൻ**




## Q. രജിസ്റ്റർ ചെയ്യാത്ത ഒരു വ്യക്തിക്ക് കോവിഡ് പ്രതിരോധ കുത്തിവെപ്പ് ലഭിക്കുമോ?

**A.** ഇല്ല. കോവിഡ്19 പ്രതിരോധ കുത്തിവെപ്പ് ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചവർക്ക് മാത്രമേ പ്രതിരോധ കുത്തിവെപ്പിന്റെ സമയം, സ്ഥലം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാകൂ


## Q. പ്രതിരോധകുത്തിവെപ്പ് സമയത്ത് ഫോട്ടോ പതിപ്പിച്ച രേഖകൾ ഹാജരാകാത്ത പക്ഷം കുത്തിവെപ്പ് ലഭിക്കുമോ?

**A.** ശരിയായ വ്യക്തിക്കാണ് കുത്തിവെപ്പ് ലഭ്യമാകുന്നത് എന്ന് ഉറപ്പാക്കുന്നതിനായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിലും കുത്തിവെപ്പ് സമയത്തും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ നിർബന്ധമാണ്

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

सत्यमेव जयते

मेरी सरकार



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ

## കോവിഡ് 19 വാക്സിൻ




**Q. പ്രതിരോധമരുന്ന് സ്വീകരിക്കേണ്ട തീയതി സംബന്ധിച്ച് വ്യക്തികൾക്ക് എങ്ങനെ വിവരം ലഭിക്കും?**

**A.** ഓൺലൈനായി രജിസ്റ്റർ ചെയ്തവർക്ക് പ്രതിരോധ കുത്തിവെപ്പിന്റെ തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച വിവരങ്ങൾ തങ്ങളുടെ മൊബൈൽ ഫോണുകളിൽ എസ് എം എസ് ആയി ലഭിക്കുന്നതാണ്.

**Q. പ്രതിരോധ കുത്തിവെപ്പ് സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുമോ?**

**A.** തീർച്ചയായും. കോവിഡ് പ്രതിരോധ മരുന്നിന്റെ എല്ലാ ഡോസുകളും സ്വീകരിച്ച ഗുണഭോക്താക്കൾക്ക് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ തങ്ങളുടെ മൊബൈൽ ഫോണുകളിൽ എസ് എം എസ് ആയി ലഭിക്കുന്നതാണ്. ഒരു ക്യു ആർ കോഡ് അധിഷ്ഠിത സ്ഥിരീകരണ പത്രവും അവരുടെ മൊബൈൽ ഫോണുകളിൽ ലഭ്യമാക്കും.

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

मेरी सरकार



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ




## കോവിഡ് 19 വാക്സിൻ

**Q.** വാക്സിൻ എടുക്കുന്നതിന് മുമ്പ് ഏതെങ്കിലും തരത്തിലുള്ള തയ്യാറെടുപ്പുകൾ/ മുൻകരുതലുകൾ സ്വീകരിക്കേതുണ്ടോ?

**A.**

- കോവിഡ്– 19 പ്രതിരോധ മരുന്ന് സ്വീകരിച്ചശേഷം കുറഞ്ഞത് അരമണിക്കൂറെങ്കിലും വാക്സിൻ നൽകുന്ന കേന്ദ്രത്തിൽ വിശ്രമിക്കേണ്ടതാണ്.
- എന്തെങ്കിലും ബുദ്ധിമുട്ടുകളോ, അസ്വസ്ഥതകളോ തോന്നുന്ന പക്ഷം ഏറ്റവും അടുത്തുള്ള ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, എഎൻഎമ്മുകൾ എന്നിവരെ വിവരം
- മാസ്ക്കുകളുടെ ശരിയായ ഉപയോഗം, കൈകളുടെ ശുചിത്വം, ആറടി ശാരീരിക അകലം എന്നിവ തുടർന്നും പാലിക്കാൻ മറക്കരുത്.

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

सत्यमेव जयते

myGOV
मेरी सरकार



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ

കോവിഡ് 19
വാക്സിൻ





## Q. കോവിഡ് 19 പ്രതിരോധ മരുന്നിന്റെ പാർശ്വഫലങ്ങൾ എന്തൊക്കെ?

**A.**

- സുരക്ഷ സംബന്ധിച്ച് പൂർണ്ണമായ ഉറപ്പുണ്ടായതിനു ശേഷം മാത്രമേ കോവിഡ് പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയുള്ളൂ.
- എല്ലാ പ്രതിരോധ മരുന്നുകളും പോലെ തന്നെ ചിലരിൽ ചെറിയ പനി, കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദന തുടങ്ങിയ പൊതുവായ ചില അസ്വസ്ഥതകൾ കാണാനിടയുണ്ട്.
- കോവിഡ് 19 പ്രതിരോധ മരുന്നുമായി ബന്ധപ്പെട്ട പാർശ്വ ഫലങ്ങളെ നേരിടുന്നതിനായി നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഭരണകൂടങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

ആരോഗ്യ – കുടുംബക്ഷേമ
മന്ത്രാലയം
ഭാരത സർക്കാർ

myGOV मेरी सरकार



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ

## കോവിഡ് 19 വാക്സിൻ




**Q.** അർബുദം, പ്രമേഹം, രക്തസമ്മർദം തുടങ്ങിയ രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവർക്ക് കോവിഡ്-19 പ്രതിരോധമരുന്ന് സ്വീകരിക്കാനാകുമോ ?

**A.** തീർച്ചയായും. ഇത്തരത്തിൽ ഒന്നോ അതിലധികമോ രോഗങ്ങൾ ഉള്ളവരെ ഉയർന്ന അപകടസാധ്യതയുള്ള വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവർ തീർച്ചയായും പ്രതിരോധമരുന്ന് സ്വീകരിക്കേണ്ടതാണ്.

**Q.** ആരോഗ്യ പ്രവർത്തകർ/ മുൻനിര പോരാളികൾ എന്നിവരുടെ കുടുംബാംഗങ്ങൾക്ക് പ്രതിരോധമരുന്ന് ലഭ്യമാക്കുമോ?

**A.** ആദ്യഘട്ടത്തിൽ നിയന്ത്രിത അളവിലാണ് വാക്സിൻ വിതരണം നടത്തുക. അതുകൊണ്ടുതന്നെ മുൻഗണനാ വിഭാഗത്തിൽ പെട്ടവർക്ക് ആയിരിക്കും പ്രതിരോധമരുന്ന് ആദ്യം ലഭ്യമാക്കുക. തുടർന്ന് വിവിധ ഘട്ടങ്ങളിലായി ആവശ്യക്കാരായ എല്ലാവർക്കും പ്രതിരോധമരുന്ന് നൽകുന്നതാണ്.

आरोग्य – कुटुंबक्षेम मन्त्रालयं

ആരോഗ്യ – കുടുംബക്ഷേമ മന്ത്രാലയം
ഭാരത സർക്കാർ



# നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ

## കോവിഡ് 19 വാക്സിൻ




**Q.** എത്ര ഡോസ് പ്രതിരോധമരുന്ന് സ്വീകരിക്കേണ്ടതായി ഉണ്ട്? അതും എത്ര ദിവസം ഇടവിട്ട് ?

**A.** പ്രതിരോധമരുന്ന് കുത്തിവെപ്പ് പൂർത്തിയാക്കുവാൻ 28 ദിവസ ഇടവേളയിൽ രണ്ട് ഡോസ് ഒരു വ്യക്തി സ്വീകരിക്കേണ്ടതാണ്.

**Q.** മരുന്ന് സ്വീകരിച്ച് എത്ര ദിവസത്തിനുള്ളിൽ ശരീരത്തിൽ വൈറസിനെതിരായ ആന്റി ബോഡികൾ രൂപപ്പെടും?

**A.** പ്രതിരോധ മരുന്നിന്റെ രണ്ടാമത്തെ ഡോസ് സ്വീകരിച്ച് രണ്ട് ആഴ്ചക്ക് ശേഷം സാധാരണയായി ആന്റി ബോഡികളുടെ സുരക്ഷാസംവിധാനം രൂപപ്പെടാറുണ്ട്.